മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) കൊച്ചിയിലെ നിർദ്ദിഷ്ട എൽ.എൻ.ജി. ടെർമിനലിന് നിലവിൽ തടസ്സങ്ങളൊന്നും കാണുന്നില്ല.

(ബി) ടെർമിനൽ പദ്ധതിയ്ക്കായി കേന്ദ്ര ഗവൺമെന്റിൽനിന്നും അനുമതി നേടിയിട്ടുള്ളത് പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് ആണ്. വാതക പൈപ്പ് ലൈനിനുവേണ്ടി സർവേ നടത്തി സ്ഥലമെടുപ്പ് നടപടികൾ നടത്തുന്നത് ഗെയിൽ ഇൻഡ്യ ലിമിറ്റഡ് ആണ്. ഗ്യാസ് ഗ്രിഡ് നടപ്പാക്കുന്നതിന് ഗെയിൽ കേന്ദ്ര ഗവൺമെന്റ് അനുമതിയ്ക്കായി അപേക്ഷിച്ചിട്ടുണ്ട്.

(സി) സംസ്ഥാന ഗവൺമെന്റ് എൽ.എൻ.ജി. ടെർമിനൽ, വാതക പൈപ്പ് ലൈൻ പദ്ധതികൾക്കുവേണ്ടിയും എൻ.ടി.പി.സി.-യുടെ താപവൈദ്യുത പദ്ധതിയുടെ വികസനത്തിനു വേണ്ടിയും ശ്രമം നടത്തിക്കൊണ്ടിരിക്കുന്നു.

(ഡി) പുതിയ കേന്ദ്ര സർക്കാരിൽ നിന്നും വളരെ അനുകൂലമായ സമീപന മാണ് ഇക്കാര്യത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നത്.

(ഇ) നിർദ്ദിഷ്ട പദ്ധതിയിൽനിന്ന് എഫ്.എ.സി.ടി., ബി.എസ്സ്.ഇ.എസ്സ്., കൊച്ചി റിഫൈനറി, എച്ച്.ഒ.സി., കായംകുളം തെർമ്മൽ പവർ പ്രോജക്ട്, കെ.എം.എം.എൽ. മുതലായ സ്ഥാപനങ്ങൾക്കും കേരളത്തിലെ മറ്റ് വ്യവസായ സ്ഥാപനങ്ങൾക്കും പ്രകൃതി വാതകം നൽകാൻ കഴിയും. കായംകുളം എൻ.റ്റി.പി.സി.-യുടെ പദ്ധതിക്കു മാത്രം വർഷത്തിൽ രണ്ട് മില്യൺ ടൺ എൽ.എൻ.ജി. ആവശ്യമുണ്ട്. മറ്റുള്ളവ കണക്കാക്കിയിട്ടില്ല. കൊച്ചി ടെർമിനൽ പദ്ധതിയുടെ വാർഷികശേഷി 2.5 മില്യൺ ടൺ ആണ്. കേരളത്തിനകത്ത് 540 കി. മീ. പൈപ്പ് ലൈനാണ് വിഭാവന ചെയ്യുന്നത്.

പാത്രക്കടവ് ജലവൈദ്യുത പദ്ധതി

* 22 [172] ശ്രീ. ടി. യു. രാധാകൃഷ്ണൻ:
,, എ. സുജനപാൽ:
,, കെ. എ. ചന്ദ്രൻ:
,, എൻ. ഡി. അപ്പച്ചൻ:
,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൈലന്റ് വാലി പദ്ധതിക്ക് പകരം പാത്രക്കടവ് ജലവൈദ്യുത പദ്ധതിയുടെ പണി ആരംഭിക്കാൻ ഉദ്ദേശ്യമുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) ഇതിന്റെ പ്രോജക്ട് റിപ്പോർട്ട് പൂർത്തിയായോ;

(ഡി) ഈ പദ്ധതിയിൽനിന്നും എത്ര വൈദ്യുതി ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു;

(ഇ) ഇതിന്റെ പണി എന്നാരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി):

(എ) പാത്രക്കടവ് ജലവൈദ്യുത പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശ്യമുണ്ട്. എന്നാൽ ഇത് സൈലന്റ്വാലി പദ്ധതിക്ക് പകരമല്ല.

(ബി) ഭാരതപ്പുഴയുടെ പോഷക നദിയായ കുന്തിപ്പുഴയിൽ 'റൺ ഓഫ് ദി റിവർ' സ്കീമായി 70 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള പദ്ധതിയാണ് വിഭാവന ചെയ്തിട്ടുള്ളത്. ഇതിന്റെ വിശദാംശങ്ങൾ താഴെ കൊടുത്തിരിക്കുന്നു:

തടയണയുടെ നീളം	..	275 മീറ്റർ
തടയണയുടെ ഉയരം	...	2.45 മീറ്റർ
ജലാശയത്തിന്റെ വിസ്തൃതി	..	4.10 ഹെക്ടർ
ടണലിന്റെ നീളം	..	1500 മീറ്റർ
ടണലിന്റെ വ്യാസം	..	4 മീറ്റർ
പെൻസ്റ്റോക്കിന്റെ നീളം	..	9000 മീറ്റർ
പെൻസ്റ്റോക്കിന്റെ വ്യാസം	..	2.8 മീറ്റർ
ജനറേറ്റർ	..	35x2=70 മെഗാവാട്ട്

പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 4 വർഷം കൊണ്ട് പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൂടാതെ അനുബന്ധ ജോലികൾക്ക് ഒരു വർഷംകൂടി വേണ്ടിവരും.

(സി) പൂർത്തിയായി.

(ഡി) പ്രതിവർഷം 214 ദശലക്ഷം യൂണിറ്റ്.

(ഇ) പദ്ധതി നടപ്പിലാക്കാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെയും സംസ്ഥാന/കേന്ദ്ര വനം വകുപ്പിന്റെയും അനുമതി ആവശ്യമാണ്. ഇവ ഉടനെ ലഭിക്കുകയാണെങ്കിൽ 2006-ൽ പദ്ധതിയുടെ പണി ആരംഭിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

വൈദ്യുതി സ്വയംപര്യാപ്തത

* 23 [173] ശ്രീ. സി. ടി. അഹമ്മദ് അലി:

,, കെ. കുട്ടി അഹമ്മദ്കുട്ടി:

,, പി. കെ. അബ്ദുറബ്ബ്:

,, കളത്തിൽ അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിച്ച് വൈദ്യുതി സ്വയംപര്യാപ്തത കൈവരിക്കാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അതിനായി എത്ര പദ്ധതികൾ ആസൂത്രണം ചെയ്തു;

LIBRARY ARCHIVES Kerala Legislative Assembly